പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6148 — 28-10-2011 -ൽ മറുപടിക്ക്.

## പാർപ്പിട പ്രശ്നം പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ.<br>ശ്രീ. ഷാഫി പറമ്പിൽ.<br>ശ്രീ. പാലോട് രവി. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ കരട് സമീപന രേഖയിൽ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ) സംസ്ഥാനത്തെ വാസസ്ഥലങ്ങളുടെ സുസ്ഥിരമായ വികസനത്തിനും പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും സാമൂഹ്യ അവസരങ്ങൾ ഇല്ലാത്തവരുമായ ആളുകളുടെ പാർപ്പിട ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് എല്ലാ വിഭാഗം വരുമാനക്കാർക്കും താങ്ങാനാവുന്ന വിലയിൽ വസ്തു, കിടപ്പാടം, സേവനങ്ങൾ എന്നിവയുടെ നീതിപൂർവ്വകമായ വിതരണം ഉറപ്പാക്കുന്നതിനും, ഭൂരഹിതർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ, പാവപ്പെട്ടവരിൽ പാവപ്പെട്ടവർ എന്നിവർക്ക് 'സുരക്ഷിത ഭവനം' എന്നതും ലക്ഷ്യമാക്കി 12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ 12 ലക്ഷം പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനുള്ള കർമ്മ പദ്ധതിക്ക് സർക്കാർ ലക്ഷ്യമിടുന്നു. പുനർനിർമ്മാണം ആവശ്യമായ 5.5 ലക്ഷം വീടുകളും ജനസംഖ്യാ വളർച്ച മൂലം അടുത്ത അഞ്ചുവർഷത്തേക്ക് ആവശ്യമായ 6.5 ലക്ഷം വീടുകളും ഇതിൽ ഉൾപ്പെടുന്നു. |
| (ബി) വീടില്ലാത്തവർക്കുവേണ്ടി എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) വീടില്ലാത്തവർക്കുവേണ്ടി താഴെപ്പറയുന്ന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.<br>1. ഇന്നോവേറ്റീവ് ഭവനപദ്ധതി:<br>നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരാതിർത്തിക്ക് പുറത്ത് ജോലിസ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി താമസിക്കുന്നതിന് നിർബന്ധിത- |

(തുടർച്ച................. 2.)

രാകുകയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് നഗരത്തിൽ പാർപ്പിട സൗകര്യം നൽകുന്ന പദ്ധതി.

2. സാഫല്യം ഭവനപദ്ധതി:
കെ.എസ്.എഫ്.ഇ. യുടെ സഹകരണത്തോടെ EWS/LIG വിഭാഗക്കാർക്കായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഭവനപദ്ധതി.

3. സുരക്ഷ ഭവന പദ്ധതി:
ദുർബല ' വിഭാഗത്തിൽപ്പെട്ട വീടില്ലാത്തതും എന്നാൽ രണ്ട് സെന്റ് ഭൂമി സ്വന്തമായുള്ളതുമായ പാവപ്പെട്ടവർക്ക് സന്നദ്ധസംഘടന/വ്യക്തി/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി.

| | | | |
|---|---|---|---|
| (സി) | സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങുവാനുള്ള എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | ഭവനനിർമ്മാണ വകുപ്പിന് നിലവിൽ പദ്ധതികളൊന്നും തന്നെ ഇല്ല. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര ലക്ഷം വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ